**Malayala Manorama**

**19 August 2018**

**Kumbalanghi, Aroor, Coastal Areas were Flooded**



# തീരദേശത്തു വീടുകളിൽ വെള്ളം കയറി

കുമ്പളങ്ങി • കായലിൽ വെള്ളം ഉയർന്നതിനെ തുടർന്ന് കുമ്പളങ്ങി, കണ്ണമാലി, ചെറിയകടവ് തുടങ്ങിയ പ്രദേശങ്ങളിൽ നൂറു കണക്കിനു വീടുകളിൽ വെള്ളം കയറി. ഇടക്കൊച്ചി ഫെറി റോഡ്, കുമ്പളങ്ങി പാടശേഖരം റോഡ്, കുമ്പളങ്ങി- കണ്ടക്കടവ് റോഡ് തുടങ്ങിയവ വെള്ളത്തിലായി.

കുമ്പളങ്ങി സേക്രഡ് ഹാർട്ട് കോൺവന്റിന് കിഴക്കുഭാഗത്തുള്ള താഴ്ന്ന പ്രദേശങ്ങൾ, ചെറിയകടവ് പറമ്പിലോത്ത് ലെയ്ൻ, മൂർത്തി ക്ഷേത്രത്തിന് കിഴക്കുവശം, കണ്ണമാലി പൊലീസ് സ്റ്റേഷന് കിഴക്കുവശം എന്നിവിടങ്ങളിൽ വീടുകളിൽ വെള്ളം കയറിയിട്ടുണ്ട്.

വെള്ളം ഉയർന്നതിനെ തുടർന്ന് പുത്തൻതോട് ഗവ. സ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽ 250 പേരെത്തി. കണ്ടക്കടവ് ഹരിജൻ കോളനി, വാൽമുതുക്, ഒറ്റത്തറ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് ക്യാംപുകളിൽ കഴിയുന്നത്. ചെല്ലാനത്ത് കടൽ രൂക്ഷമായതിനെ തുടർന്ന് തൊഴിലാളികൾ വള്ളങ്ങൾ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ഫിഷിങ് ഹാർബറിൽ നിന്ന് നൂറിലേറെ വള്ളങ്ങളാണ് മാറ്റിയത്. കടൽ ശക്തമായതിനെ തുടർന്ന് ഒരാഴ്ചയായി തൊഴിലാളികൾ വള്ളങ്ങൾ ഇറക്കുന്നുണ്ടായിരുന്നില്ല.

കായലിൽ വെള്ളം ഉയർന്നതിനെ തുടർന്നു കുതിരക്കൂർ കരിയിൽ താമസിക്കുന്ന ചിറക്കപ്പാടത്ത് വിൻസന്റിന്റെ വീട്ടിൽ വെള്ളം കയറിയപ്പോൾ.

കായലിൽ വെള്ളം ഉയർന്നതിനെ തുടർന്നു കുമ്പളങ്ങി സേക്രഡ് ഹാർട്ട് കോൺവന്റിനു കിഴക്കുവശം വെള്ളത്തിലായ വീടുകളിലൊന്ന്.

അരൂർ • മഴയ്ക്ക് അൽപം ശമനമായെങ്കിലും അരൂർ മണ്ഡലത്തിലെ കായലുകളിൽ വേലിയേറ്റം അതിശക്തമായതോടെ കായലോര മേഖലയിലെ വീടുകളിൽ വെള്ളം കയറി. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ പൂർണമായും തുറക്കുകയും ചെയ്തതോടെയാണ് വെള്ളത്തിന്റെ കുത്തൊഴുക്കു ശക്തമായത്.

കോടംതുരുത്തിലെ കുറുമ്പി കായൽ, എഴുപുന്നകായൽ, അരൂർ കൈതപ്പുഴ കായൽ എന്നിവിടങ്ങളിൽ നിന്നെല്ലാം വെള്ളം കരയിലേയ്ക്കു കയറുകയാണ്. കായലുമായി ബന്ധപ്പെട്ടു കിടക്കുന്ന തോടുകളിലേയ്ക്കും വെള്ളം ഇരച്ചു കയറുന്നതുമൂലം ഉൾപ്രദേശങ്ങളും വെള്ളക്കെട്ടിലാണ്.

അടുക്കളയിലും, കിടപ്പുമുറികളിലും വെള്ളം കയറിയതോടെ ജനങ്ങൾ ദുരിതാശ്വാസ ക്യാംപുകളിൽ അഭയം തേടി.

ശനിയാഴ്ച പുലർച്ചെ മുതലാണ് വീടുകളിലേയ്ക്കു വെള്ളം കയറി തുടങ്ങിയത്. ഇതോടെ നിരവധി റോഡുകളും മുങ്ങി.

പല റോഡുകളിലും വാഹനയാത്ര നിലച്ചു. അരൂർ, എഴുപുന്ന, കോടംതുരുത്ത് പഞ്ചായത്തുകളിൽ ദുരിതാശ്വാസ ക്യാംപുകളുടെ എണ്ണവും കൂടി.

മൂന്നു പഞ്ചായത്തുകളിലെ ഒൻപത് ക്യാംപുകളിലായി കുട്ടികൾ ഉൾപ്പെടെ മൂവായിരത്തിലധികം പേർ കഴിയുന്നുണ്ട്.

എഴുപുന്ന പഞ്ചായത്തിലെ നീണ്ടകര, നരിയാണ്ടി പ്രദേശങ്ങൾ പൂർണമായും വെള്ളത്തിലാണ്. ചന്തിരൂർ ഔവർ ലേഡിഓഫ് മേഴ്സി സ്കൂളിലെ ക്യാംപിൽ എറണാകുളം ജില്ലയിൽ നിന്നുള്ള കുടുംബങ്ങളാണ് കഴിയുന്നത്.

ചന്തിരൂർ അൽ-അമീൻ പബ്ലിക് സ്കൂളിലെ ക്യാംപിലും ദുരിതബാധിതരുടെ എണ്ണം വർധിച്ചു. കായലിലെ വേലിയേറ്റം ശക്തമായി തുടരുന്നതിനാൽ നിരവധി കുടുംബങ്ങൾ ദുരിതാശ്വാസ ക്യാംപുകളിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്.

എഴുപുന്ന പഞ്ചായത്തിലെ എരമല്ലൂർ ഗവ. എൽപി സ്കൂൾ, കോന്നനാട് കമ്യൂണിറ്റി ഹാൾ, ശ്രീനാരായണപുരം എൽപി സ്കൂൾ, എഴുപുന്ന വടക്ക് സെന്റ് മേരീസ് എൽപി സ്കൂൾ എന്നിവിടങ്ങളിലേയ്ക്കും ദുരിതബാധിതരുടെ ഒഴുക്കു വർധിച്ചു.

ക്യാംപുകളിലേക്ക് നിരവധി വ്യക്തികളും, സംഘടനകളും ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നുണ്ട്.

കൂടാതെ റവന്യൂ വകുപ്പിന്റെ ഭക്ഷണ വിതരണവും ഉണ്ട്.

എഴുപുന്നയിൽ വീട്ടുമുറ്റത്ത് പന്തലിട്ട് നടത്താനിരുന്ന മൂന്നു വിവാഹങ്ങൾ വെള്ളക്കെട്ട് മൂലം വിവിധ ഹാളുകളിലേയ്ക്കു മാറ്റി.